**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **10-08-2023 - ൽ മറുപടിയ്ക്ക്**

**ബേക്കൽ കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ കോട്ടിക്കുളത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 26/03/2018 ലെ സർക്കാർ ഉത്തരവ് (സാധാ)നം.232/2018/മതുവ നമ്പർ ഉത്തരവ് പ്രകാരം 67.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. എന്നാൽ 2405-00-103-73 survey study & Investigation of Fishing Harbour എന്ന ശീർഷകത്തിൽ മേൽ പ്രവൃത്തിക്കായി 2,31,992/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ആയത് യാഥാർത്ഥ്യമാക്കുന്നതിനുള്ള തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | കോട്ടിക്കുളം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായുള്ള അന്വേഷണ ഗവേഷണ പ്രവൃത്തികളുടെ ഭാഗമായി പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വെ പ്രവൃത്തികളും, beach profile cross section, Bed water sample collection, Float observation, Topographic Survey , Wind and Wave observation എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രദേശത്ത് സ്ഥല സന്ദർശനം നടത്തി സാങ്കേതികാഭിപ്രായം ലഭ്യമാക്കുന്നതിന് 12/07/2023 ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂനെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) ന് കത്ത് നൽകിയിട്ടുണ്ട്. 11/08/2023 ന് സ്ഥലസന്ദർശനം നടത്തുന്നതാണെന്ന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ അധികൃതർ അറിയിച്ചിട്ടുണ്ട്. സ്ഥല സന്ദർശനത്തിന്റെയും വിദഗ്ധ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ